ലോ-ടെൻഷൻ, ഹൈ-ടെൻഷൻ വൈദ്യുതി ഉപഭോക്താക്കൾ

7 [1904] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-2004-ലെ കണക്കനുസരിച്ച് കെ. എസ്. ഇ. ബി. യിലുള്ള മൊത്തം കൺസ്യൂമേഴ്സ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ലോ-ടെൻഷൻ, ഹൈ-ടെൻഷൻ കൺസ്യൂമർമാർ എത്ര വീതമുണ്ട്;

(സി) ലോ- ടെൻഷൻ കൺസ്യൂമർമാരിൽ 3 എച്ച്. പി. യിൽ കൂടുതൽ കണക്ടഡ് ലോഡുള്ള ഇൻഡസ്ട്രിയൽ പവർ കൺസ്യൂമർമാരും അഗ്രിക്കൾച്ചറൽ കൺസ്യൂമർമാരും എത്ര വീതമുണ്ടെന്ന് വിശദമാക്കാമോ;

(ഡി) 3 എച്ച്. പി. വരെ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കളിൽ നഗരപ്രദേശത്തും, ഗ്രാമപ്രദേശത്തും ഉള്ളവരെത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 76,25,755.

(ബി) 76,23,833 ലോ-ടെൻഷൻ കൺസ്യൂമേഴ്സും 1922 ഹൈ-ടെൻഷൻ കൺസ്യൂമേഴ്സും ഉണ്ട്.

(സി) ലോടെൻഷൻ കൺസ്യൂമേഴ്സിൽ 3 എച്ച്. പി.യിൽ കൂടുതൽ കണക്ടഡ് ലോഡുള്ള 102694 ഇൻഡസ്ട്രിയൽ കൺസ്യൂമേഴ്സും 154764 അഗ്രികൾച്ചറൽ കൺസ്യൂമേഴ്സുമുണ്ട്.

(ഡി) നഗരപ്രദേശത്തുള്ളവർ—2260310

ഗ്രാമപ്രദേശത്തുള്ളവർ—2093390

കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഓപ്പറേറ്റിംഗ് സിസ്റ്റവും റിലേഷണൽ മാനേജ്മെന്റ് സിസ്റ്റവും വാങ്ങുവാൻ ആഗോള ടെണ്ടർ

8 [1905] ശ്രീ. ടി. കെ. ബാലൻ :
,, വി. കെ. ചന്ദ്രൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ എൽ. ടി. ബില്ലിംഗ്, കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഓപ്പറേറ്റിംഗ് സിസ്റ്റവും റിലേഷണൽ മാനേജ്മെന്റ് സിസ്റ്റവും (ആർ. ഡി. ബി. എം.) വാങ്ങുവാൻ ആഗോള ടെണ്ടർ ക്ഷണിച്ചിരുന്നുവോ; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം കമ്പനികൾ പ്രസ്തുത ടെണ്ടറിൽ പങ്കെടുത്തിരുന്നുവെന്നും ഓരോ കമ്പനിയും കാട്ട് ചെയ്ത തുകയും മറ്റ് വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) ടെണ്ടർ ഉറപ്പിക്കുന്നതിന്റെ ഭാഗമായി ചട്ടപ്രകാരം വൈദ്യുതി ബോർഡിന്റെ സാങ്കേതിക ഉപദേഷ്ടാവിന്റെയും ടെണ്ടർ പരിശോധനാ വിഭാഗത്തിന്റെയും ശുപാർശകൾ വിഭ്യമാക്കിയിരുന്നുവോ ; അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി ബോർഡിലെ സാധാരണ ടെണ്ടർ നടപടിക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ എൽ. ടി. ബില്ലിംഗ്, കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഓപ്പറേറ്റിംഗ് സിസ്റ്റവും റിലേഷണൽ ഡാറ്റാ ബേസ് മാനേജ്മെന്റ് സിസ്റ്റവും (ആർ. ഡി. ബി. എം.) വാങ്ങുവാൻ രണ്ട് തവണയായി വൈദ്യുതി ബോർഡ് ലോക്കൽ കോമ്പറ്റിറ്റീവ് ടെണ്ടർ ക്ഷണിച്ചിരുന്നു.

(ബി) മൈസ്ലേഴ്സ് സി. എം. സി., മൈസ്ലേഴ്സ് എച്ച്. സി. എൽ., മൈസ്ലേഴ്സ് റിലേറോ എന്നീ കമ്പനികൾ ആദ്യ ടെണ്ടറിലും, മൈസ്ലേഴ്സ് സി. എം. സി., മൈസ്ലേഴ്സ് റിലേറോ എന്നീ കമ്പനികൾ രണ്ടാമത്തെ ടെണ്ടറിലും പങ്കെടുത്തിരുന്നു. ഓരോ കമ്പനിയും ഓരോ ഘട്ടത്തിലും കാട്ട് ചെയ്ത തുക താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	കമ്പനി പേര്	കാട്ട് ചെയ്ത തുക (രൂപയിൽ)	
		ആദ്യഘട്ടം	രണ്ടാം ഘട്ടം
1	മൈസ്ലേഴ്സ് സി. എം. സി.	43,72,960	53,20,606
2	മൈസ്ലേഴ്സ് റിലേറോ	43,96,870	49,79,980
3	മൈസ്ലേഴ്സ് എച്ച്. സി. എൽ.	43,90,600	പങ്കെടുത്തില്ല.

(സി) മേൽപ്പറഞ്ഞ രണ്ട് ഘട്ട ടെണ്ടറുകളിലും ബോർഡിന്റെ സാങ്കേതിക ഉപദേഷ്ടാവിന്റെ ശുപാർശയോടുകൂടിയും, ബോർഡിലെ സമിതാംഗങ്ങൾ ഉൾപ്പെടുന്ന പർച്ചേസ് കമ്മിറ്റിയുടെ ശുപാർശയോടും കൂടി ഓരോ ഘട്ടത്തിലും ഏറ്റവും കുറഞ്ഞ തുക കാട്ട് ചെയ്ത കമ്പനികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ഡി) ടെണ്ടർ നോട്ടീസുകൾ പത്രങ്ങളിലും വൈദ്യുതി ബോർഡിന്റെ വെബ്സൈറ്റിലും പരസ്യം ചെയ്യുകയും അതിൻപ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ വൈദ്യുത ബോർഡിന്റെ സാങ്കേതിക ഉപദേഷ്ടാവ്, ചീഫ് എഞ്ചിനീയർ (ടി. സി. ആന്റ് എം.) ബോർഡിന്റെ സമിതാംഗങ്ങൾ എന്നിവരുൾപ്പെടുന്ന പർച്ചേസ് കമ്മിറ്റി പരിശോധിച്ച് തീരുമാനം എടുക്കുകയും ചെയ്യുന്നു. കൂടാതെ കരാർ തുക രണ്ട് കോടി രൂപയ്ക്ക് മുകളിൽ വരുന്ന ടെണ്ടറുകൾ പർച്ചേസ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി വൈദ്യുത ബോർഡിന്റെ പൂർണ്ണയോഗമാണ് തീരുമാനമെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly